# THE HINDU

# WEEKLY EDITORIAL ANALYSIS

**20/12/21 – 01/01/22**

# ‘Age and marriage’

പെൺകുട്ടികളുടെ വിവാഹപ്രായം 18 ൽ നിന്നും 21 ആക്കുന്നതുമായി ബന്ധപ്പെട്ട ബിൽ ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ച് അധികം താമസിയാതെ തന്നെ സർക്കാർ പാർലിമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. ബിൽ നിയമമാകുന്ന സാഹചര്യം ഉണ്ടാകണമെങ്കിൽ നിലവിൽ മതാടിസ്ഥാനത്തിൽ ഉള്ള നിയമങ്ങൾ ഉൾപ്പെടെ പല നിയമങ്ങളും ഭേദഗതി ചെയ്യേണ്ടിവരും.

മാതൃമരണ നിരക്ക് കുറക്കുക, പെൺകുട്ടികളുടെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുക, പെൺകുട്ടികൾക്ക് തുടർവിദ്യാഭ്യാസം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽ വച്ചുകൊണ്ടു പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുന്നതുമായ ബന്ധപ്പെട്ട വിഷയം കഴിഞ്ഞ ബജറ്റിൽ ധനകാര്യ മന്ത്രി ഉന്നയിക്കുകയുണ്ടായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ഒരു പഠന കമ്മീഷനെ നിയോഗിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവാഹപ്രായം ഉയർത്താൻ തീരുമാനിക്കുകയുമായിരുന്നു.

പുരുഷമേധാവിത്വം തുടരുകയും അതിന്റെ ഫലമായി തന്നെ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പെൺകുട്ടികൾ ആവശ്യത്തിന് ബോധവാന്മാരല്ലാതായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേവലം പെൺകുട്ടികളുടെ വിവാഹപ്രായം നിയമം മൂലം ഉയർത്തിയതുകൊണ്ടു മാത്രം ഈ നിയമത്തിന്റെ ലക്ഷ്യം നിറവേറണമെന്നില്ല. 2019-21 ലെ നാഷണൽ ഫാമിലി ഹെൽത്ത് സർവേ പ്രകാരം രാജ്യത്തെ 20 നും 24 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളിൽ 23.3 ശതമാനവും 18 വയസാകുന്നതിന് മുൻപ് വിവാഹിതരായവരാണ്. 2006 ലെ ശൈശവ വിവാഹ നിരോധന നിയമം വിജയകരമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല എന്ന് ഈ കണക്കുകൾ ചൂണ്ടികാണിക്കുന്നു.

ഈ സാഹചര്യത്തിൽ നിയമനിർമ്മാണത്തോടൊപ്പം ശക്തമായ രീതിയിലുള്ള ബോധവൽക്കരണവുംകൂടി സാധ്യമാകുമ്പോഴേ ഈ നിയമത്തിലെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാകൂ.

# ‘Trade defence’

ഈയിടെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് അഞ്ച് ചൈനീസ് നിർമ്മിത വസ്തുക്കൾക്ക് രാജ്യത്ത് ആന്റി-ഡംപിങ് ഡ്യൂട്ടി ഈടാക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ ഉല്പന്നങ്ങളുടെ ഇറക്കുമതി രാജ്യത്തെ ആഭ്യന്തര ഉല്പാദകരെ ദോഷകരമായി ബാധിക്കുന്നു എന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രേഡ് റെമഡീസ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയതിനെ തുടർന്നാണ് ഈ തീരുമാനം.

ഒരു രാജ്യത്തേക്ക് ഒരു വിദേശ ഉൽപ്പന്നം അതേ വസ്തുവിന് ആഭ്യന്തര വിപണിയിലുള്ള വിലയേക്കാൾ കുറഞ്ഞ വിലക്ക് ഇറക്കുമതി ചെയ്യേണ്ടി വരുമ്പോൾ ആഭ്യന്തര വിപണിയെ സംരക്ഷിക്കാനായി ലോക വ്യാപാര സംഘടനാ അനുവദിച്ചു നൽകിയ ആയുധമാണ് ആന്റി-ഡംപിങ് ഡ്യൂട്ടി എന്നത്. ഈ നിലക്ക് വിലകുറഞ്ഞ വിദേശ ഇറക്കുമതിയിൽ നിന്നും പ്രത്യേകിച്ച് ചൈനയിൽ നിന്നുള്ള ഇറക്കുമതിയിൽ നിന്നും ആഭ്യന്തര വിപണിയെ സംരക്ഷിക്കാനായി ഇന്ത്യ വലിയ തോതിൽ ഉപയോഗിക്കുന്ന ഒന്നാണ് ആന്റി-ഡംപിങ് ഡ്യൂട്ടി.

ആന്റി-ഡംപിങ് ഡ്യൂട്ടിക്ക് ദോഷവശങ്ങളും ഉണ്ട്. വിപണിയിലെ മത്സരം ആഭ്യന്തര ഉൽപ്പന്നങ്ങൾക്ക് അനുകൂലമാക്കി മാറ്റാൻ ആന്റി-ഡംപിങ് ഡ്യൂട്ടി ഇടയാക്കും. ഇത് വിപണിയിൽ അനാരോഗ്യകരമായ മത്സരം സൃഷ്ടിക്കുകയും ഉപഭോക്താക്കൾക്ക് മത്സരത്തിന്റെ ഗുണം ലഭ്യമാകാതെ പോകാനിടയാക്കുകയും ചെയ്യും. മാത്രമല്ല ഇത്തരത്തിൽ ആന്റി-ഡംപിങ് ഡ്യൂട്ടി ഈടാക്കിക്കൊണ്ട് ചൈനയുമായുള്ള വ്യാപാരക്കമ്മി വളരെക്കുറച്ചു മാത്രമേ കുറക്കാനാകൂ.

## 'Far from over'

ഈയിടെ സിറിയയിലെ ലടാക്കിയ തുറമുഖത്ത് ഇസ്രായേൽ നടത്തിയ മിസൈൽ ആക്രമണം സൂചിപ്പിക്കുന്നത് അറബ് മേഖലയിലെ സംഘർഷങ്ങൾ അവസാനിക്കുന്നില്ല എന്നാണ്. ഇതേ തുറമുഖത്ത് ഈയിടെ ഇസ്രായേൽ നടത്തുന്ന രണ്ടാമത്തെ ആക്രമണമാണിത്. എന്നാൽ അക്രമം നടത്തിയത് തങ്ങൾ ആണെന്ന് ഇസ്രായേൽ സമ്മതിക്കുകയോ ആരോപണത്തെ നിഷേധിക്കുകയോ ചെയ്യുന്നില്ല. ഈയിടെയായി സിറിയയിൽ ഇസ്രായേൽ കൂടുതൽ അക്രമങ്ങൾ നടത്തിവരുന്നുണ്ട് എന്നത് വസ്തുതയാണ്.

വിവിധ തലങ്ങളുള്ള സിറിയൻ പ്രതിസന്ധി ആരംഭിച്ചിട്ട് വർഷങ്ങളായി. വിമതർ കീഴടക്കിയ സിറിയയിലെ ഏതാണ്ട് മുഴുവൻ പ്രദേശങ്ങളും പ്രെസിഡന്റ് ബാഷർ-അൽ-ആസാദിന്റെ ഭരണകാലത്ത് റഷ്യയുടെയും ഇറാന്റെയും സഹായത്തോടെ തിരിച്ചുപിടിക്കുകയുണ്ടായി. എങ്കിലും സംഘർഷം അതിൽ അവസാനിച്ചില്ല. സിറിയയിൽ സ്വാധീനം ഉറപ്പിക്കാനുള്ള ഇറാന്റെ ശ്രമം സിറിയയിലെ ഗൊലാൻ പ്രവിശ്യ കയ്യടക്കി വെച്ചിരിക്കുന്ന ഇസ്രയേലിനെ സംബന്ധിച്ചിടത്തോളം ഭീഷണിയാണ്.

സിറിയയിൽ അക്രമം വർദ്ധിപ്പിക്കുന്ന ഇസ്രയേലിന്റെ നടപടിക്ക് പ്രധാനമായും രണ്ടു പ്രശ്നങ്ങൾ ഉണ്ട്. തീർച്ചയായും അതിൽ ഒന്നാമത്തേത് സിറിയയുടെ പരമാധികാരത്തെ മാനിക്കുന്നില്ല എന്നതാണ്. ആഭ്യന്തരപ്രശ്നങ്ങളാൽ തകർന്നു നിൽക്കുന്ന സിറിയയെ ഇസ്രായേൽ-ഇറാൻ പ്രശ്നത്തിൽ പുതിയ സംഘർഷ മേഖലയാക്കി മാറ്റുന്നു എന്നതാണ് രണ്ടാമത്തെ പ്രശ്നം.

ആഗോള സമൂഹം ഇറാൻ ന്യൂക്ലിയർ ഉടമ്പടി തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നതിനിടെയാണ് ഇസ്രയേലിന്റെ ഇപ്പോഴത്തെ അക്രമം. ഇറാനെ വീണ്ടും ന്യൂക്ലിയർ ഉടമ്പടിയിലേക്ക് കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ ഇസ്രായേൽ-ഇറാൻ സംഘർഷം വീണ്ടും ഗുരുതരമാകുന്ന സാഹചര്യം ഉണ്ടാകും.

ACHARYA
An influential mentor

## ‘Killing the licence’

കഴിഞ്ഞ കുറച്ചു വർഷങ്ങളായി നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസിനെ നിയന്ത്രിക്കാനുള്ള ശക്തമായ ശ്രമം സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നുണ്ട്. നിലവിൽ വിദേശ ധനസഹായം സ്വീകരിക്കുന്നതിനാവശ്യമായ എഫ്.സി.ആർ.എ പ്രകാരമുള്ള ലൈസൻസ് പുതുക്കാനായി നൽകിയ 22000 ത്തിൽ അധികം വരുന്ന അപേക്ഷകളിൽ അഞ്ചിൽ നാലും തീർപ്പ് കൽപ്പിക്കപ്പെടാതെ കിടക്കുകയാണ്. ഇത്തരം സംഘടനകൾ അവർക്ക് വിദേശത്തുനിന്ന് ലഭിക്കുന്ന ധനസഹായത്തിന്റെ സ്രോതസ്സും ആ തുകയുടെ ഉപയോഗവും സർക്കാരിനെ അറിയിക്കേണ്ടതുണ്ട് എന്ന് മാത്രമല്ല തുക ഉപയോഗിക്കുന്നത് രാജ്യസുരക്ഷക്കോ പൊതു താല്പര്യത്തിനോ പ്രശ്നം സൃഷ്ട്ടിക്കുന്ന തരത്തിലല്ല എന്ന് തെളിയിക്കുകയും വേണം എന്നാണ് വിദഗ്ദർ പറയുന്നത്.

ഇതെല്ലം അകൗണ്ടിങ്ങിന്റെയും ഓഡിറ്റിംഗിന്റെയും നടപടിക്രമങ്ങൾ മാത്രമാണ് എന്നാണ് സർക്കാർ പറയുന്നത് എങ്കിലും സർക്കാരിനെതിരെ പ്രതിഷേധിക്കുന്ന സംഘടനകളെ നിയന്ത്രിക്കാനാണ് എഫ്.സി.ആർ.എ ഉപയോഗിക്കപ്പെടുന്നുണ്ട് ആരോപിക്കപ്പെടുന്നു. ഇത്തരം സംഘടനകളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാരിന്റെ ശ്രമങ്ങൾ അതുകൊണ്ടുതന്നെ കൂടുതൽ സുതാര്യമാകേണ്ടതുണ്ട്.

ACHARYA
An influential mentor